സി. ആർ. പി. യെ മാത്രമല്ല പട്ടാളത്തെ വരുത്തുകയും അവരെക്കൊണ്ടു ജനങ്ങളെ മർദ്ദിക്കുകയും ചെയ്യുകയാണെന്നുള്ള വിവരം ഈ ഗവൺമെന്റി നറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബംഗാളിലെ ക്രമസമാധാനനിലയും ഇവിടത്തെ ക്രമസമാധാനനിലയും തമ്മിൽ താരതമ്യപ്പെടുത്താൻ പറ്റുക യില്ല. അവിടെ ക്രമസമാധാന നില വളരെ മോശമാണ്.

ശ്രീ. എം. കെ. എ. ഹമീദ്: സി. ആർ. പി. ക്കാർ ക്രമരഹിതമായി പ്രവർത്തിച്ചാൽ അവരുടെമേൽ എന്തെങ്കിലും നടപടിയെടുക്കാൻ ഈ ഗവൺ മെന്റിന് അധികാരമുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നടപടിക്രമത്തെസംബന്ധിച്ച് എനിക്ക് അറിവില്ല. ക്രമരഹിതമായി പ്രവർത്തിക്കുന്നവരുടെ പേരിൽ നടപടിയെടുക്കാൻ തീർച്ചായിട്ടും സാധിക്കും.

ശ്രീമതി കെ. ആർ. ഗൗരി: ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞു സി. ആർ. പി. യെ. പിൻവലിക്കണമെന്നു പറയുന്നതു സി. ആർ. പി. യെപ്പറ്റിയുള്ള ഭയംകൊണ്ടാണെന്ന്. സി. ആർ. പി. യെ ഭയപ്പെടത്തക്കനില യിൽ അത്ര ഭയജനകമായ നിലയിലാണ് അവർ പ്രവർത്തിക്കുന്നതെന്നറി യാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സി. ആർ. പി. യുടെയും പോലീ സിന്റെയും പ്രവർത്തനത്തെപ്പറ്റി ജനങ്ങളിൽ ഭീതി വളർത്തത്തക്ക നിലയിൽ ചില ആളുകൾ പ്രചാരവേലചെയ്യാൻ പരിശ്രമിക്കുന്നുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: ഇതു കേരളത്തിൽ മാത്രമല്ല, വടക്കു പഞ്ചാ ബിലെ മുഖ്യമന്ത്രിവരെയുള്ളവർ അഭിപ്രായം പറഞ്ഞത് സി. ആർ. പി. യുടെ പ്രവർത്തനത്തിലുള്ള ദോഷംകൊണ്ടല്ല, സി. ആർ. പി. യുടെ ക്രൂര മായ നടപടികൾ കൊണ്ടല്ല, അവരുടെ ദോഷത്വംകൊണ്ടാണെന്നാണോ മന സ്സിലാക്കേണ്ടത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞാൻ അങ്ങനെ വിചാരിക്കുന്നില്ല. ചില ആളുകൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. എന്തായാലും സി. ആർ. പിക്കാർ വെറും ക്രൂരജന്തുക്കളാണെന്ന അഭിപ്രായത്തോടു യോജിക്കാൻ നിവൃത്തിയില്ല. അഥവാ അവർ അങ്ങനെ വല്ല ക്രൂരതകളും കാണിക്കുന്നവരാണെങ്കിൽക്കൂടി ലോക്കൽപോലീസിനെ സഹായിക്കാൻവേണ്ടി യാണ് അവരെ ഉപയോഗിക്കുന്നത്. സി. ആർ. പി. അടിച്ചു എന്നു പറഞ്ഞു ആരോപണമുണ്ടായിട്ടുള്ളതിൽ പല സംഭവങ്ങളും ലോക്കൽ പോലീ സിന്റെ ഭാഗത്തുനിന്നും ഉള്ള ഇടപെടൽ മൂലം ഉണ്ടായസംഭവങ്ങളാണ്.

റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ

* 140 [501] ശ്രീ. കെ. ടി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള റീജിയണൽ ട്രാൻസ്പോർട്ട് അതോറിട്ടികളിൽ ചില പ്രത്യേക രാഷ്ട്രീയ പാർട്ടികൾക്കുമാത്രം പ്രാതിനിധ്യം നൽകി സംഘ ടിപ്പിക്കപ്പെട്ടിട്ടുള്ളതാണെന്നു ഗവൺമെന്റിന്റെ ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കമ്മിറ്റികളെ ന്യായമായ പ്രാതിനിദ്ധ്യം കൊടുത്തുകൊണ്ട് പുന:സംഘടിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്ജ്):

(എ) വ്യക്തമായിട്ടുള്ള പരാതികളൊന്നും ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത കമ്മിറ്റി പുന:സംഘടിപ്പിക്കുന്ന കാര്യം ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. പി. പി. ജോർജ്ജ്: ആർ. ടി. എ. കളുടെ കാലാവധി എത്ര കാലത്തേക്കാണ്, എന്നാണ് അവ സംഘടിപ്പിച്ചതെന്നു പറയാമോ?

ശ്രീ. കെ. എം. ജോർജ്ജ്: ആർ. ടി. എ. കളുടെ കാലാവധി ഒരു വർഷത്തേക്കാണ്. നിലവിലുള്ള ആർ. ടി. എ. കൾ സംഘടിപ്പിച്ചത് 13–2–1969–ൽ ആണ്. ഏതാനും ദിവസങ്ങൾക്കകം ഈ ആർ. ടി. എ. കൾ പുന:സംഘടിപ്പിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ വരുന്നതാണ്. കമ്മിറ്റികൾ സംഘടിപ്പിച്ചുകഴിഞ്ഞു. വ്യക്തികളുടെ കൺസൻറ് ചോദിച്ചിരിക്കുകയാണ്. അതു കിട്ടിക്കഴിഞ്ഞാൽ ഉടൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കും.

ശ്രീ. വി. കൃഷ്ണൻ നായർ: 13–2–1969–നു ശേഷം പുതിയ കമ്മിറ്റി വരാതിരിക്കുകയും നിലവിലുള്ള കമ്മിറ്റി ഔദ്യോഗികമായി തീരുമാനമെടുക്കുകയും ചെയ്യുകയാണെങ്കിൽ ആ തീരുമാനത്തിനു നിയമപ്രാബല്യം കിട്ടുമോ?

ശ്രീ. കെ. എം. ജോർജ്ജ്: തീർച്ചയായിട്ടും പ്രാബല്യമുണ്ടായിരിക്കും. സാധാരണ ആർ. ടി. എ. കൾ മാസത്തിൽ ഒരു പ്രാവശ്യമാണ് കൂടാറുള്ളത്. 13-2-1970–ൽ തന്നെ പുതിയ കമ്മിറ്റി സംഘടിപ്പിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കണമെന്നാണ് തീരുമാനിച്ചിരുന്നത്. എന്നാൽ കഴിഞ്ഞില്ല. ഇനി വളരെ താമസിയാതെ ഒന്നു രണ്ടു ദിവസത്തിനകം നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതാണ്.

ഗ്വാളിയർ റയോൺസ്

* 141. (502) ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂരിലെ ഗ്വാളിയർ റയോൺസുമായി ഉണ്ടാക്കിയ കരാർ പരിശോധിക്കണമെന്ന് പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ അതിൻെറ അടിസ്ഥാനത്തിൽ എന്തുനടപടി ഇതനകം സ്വീകരിച്ചിട്ടുണ്ട്?

വ്യവസായവും തൊഴിലും മന്ത്രി: (ശ്രീ. പി. രവീന്ദ്രൻ):

(എ) ഗ്വാളിയർ റയോൺസുമായി ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കണമെന്ന് പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) ഇക്കാര്യം പരിഗണനയിലിരിക്കുകയാണ്. തക്ക നടപടികൾ ഉടനെ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly